## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 8129 17-07-2014-ൽ മറുപടിയ്ക്ക്

### കൃത്രിമ മരുന്നുക്ഷാമം.

ചോദ്യം

ശ്രീമതി. കെ.എസ്. സലീഖ

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) അവശ്യമരുന്നുകൾക്ക് സംസ്ഥാനത്തു ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ പ്രസ്തുത കൃത്രിമ മരുന്നുക്ഷാമം ഉണ്ടായതിനു കാരണം എന്താണ് എന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് മരുന്നു വിതരണം നടത്തുന്ന ചുരുക്കം ചില നിർമ്മാതാക്കളുടെ മരുന്നുകൾക്ക് വിപണിയിൽ ദൗർലഭ്യം ഉള്ളതായി വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത മരുന്നുകൾക്ക് സമാനമായ, മറ്റു നിർമ്മാതാക്കളുടെ മരുന്നുകൾ വിപണിയിൽ സുലഭമായി ലഭ്യമായതിനാൽ രോഗികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നില്ല. |
| (ബി)പനി മരുന്നുകളിൽ ഗ്ലാക്സോ പോലുള്ള ചില കമ്പനികളുടെ മരുന്നുകൾ സംസ്ഥാനത്ത് ലഭ്യമല്ലാത്തത് പരിശോധിച്ചുവോ; ; | (ബി) ഗ്ലാക്സോ കമ്പനി നിർമ്മിക്കുന്ന മരുന്നുകൾ ലഭ്യമാണ്. സമാനമായ മരുന്നുകൾ മറ്റു നിർമ്മാതാക്കളുടേത് ലഭ്യമായതിനാൽ വിപണയിൽ ദൗർലഭ്യമില്ല. |
| (സി) സൈക്യാട്രി മരുന്നുകൾ ഏറ്റവും കൂടുതൽ ഉല്പാദിപ്പിക്കുന്ന "സൺഫാർമ" യുടെ മരുന്ന് സംസ്ഥാനത്ത് ലഭ്യമല്ല എന്നതു പരിശോധിച്ചുവോ; വിശദമാക്കുമോ; | (സി) സൺഫാർമ നിർമ്മിക്കുന്ന സൈക്യാട്രി മരുന്നുകൾക്ക് ദൗർലഭ്യം ഉള്ളതായി കാണുന്നില്ല. |
| (ഡി) അമിത വികൃതിക്കാരായ കുട്ടികളുടെ മരുന്നായ "അറ്റോർമോക്സ്റ്റിൻ' എന്ന മരുന്ന് കഴിഞ്ഞ കുറെ മാസങ്ങളായി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടുവോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) പ്രമേഹരോഗത്തിനുള്ള മരുന്നുകളും, കാർഡിയോളജി, കാൻസർ, ന്യൂറോ മരുന്നുകളും ഉൾപ്പെടെ സംസ്ഥാനത്ത് കൃത്രിമ മരുന്നുക്ഷാമം മരുന്നു കമ്പിനികൾ വരുത്തിയിട്ടുള്ളത് മരുന്നുവില കൂട്ടാനാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടുവോ; | (ഇ) സംസ്ഥാനത്ത് പ്രമേഹത്തിനുള്ള മരുന്നുകൾ, കാർഡിയോളജി, കാൻസർ ന്യൂറോ മരുന്നുകൾ എന്നിവയുടെ ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചില ബ്രാൻഡുകൾക്ക് ദൗർലഭ്യം ഉണ്ടെങ്കിലും |

| | |
|---|---|
| | സമാന ചേരുവകളിൽ മറ്റു കമ്പനികൾ നിർമ്മിക്കുന്ന മരുന്നുകൾ വിപണിയിൽ ലഭ്യമായതിനാൽ രോഗികൾക്ക് മരുന്ന ലഭിക്കാത്ത സാഹചര്യം നിലവിലില്ല. |
| (എഫ്) എങ്കിൽ ഇതു തടയുവാൻ എന്തു നടപടികൾ നാളിതുവരെ സ്വീകരിച്ചു എന്നും തുടർനടപടികൾ എന്താണ് എന്നും വ്യക്തമാക്കുമോ? | (എഫ്) ബാധകമല്ല, |

സെക്ഷൻ ഓഫീസർ